"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് -മലപ്പുറം ജില്ലയിലെ കൂറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ ഓണാഘോഷ പൊതു പരിപാടി നടത്തുന്നതിന് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.1579/2026/LSGD തീയതി,തിരുവനന്തപുരം, 21-08-2026

പരാമർശം:- കൂറ്റിപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് 17/08/2026-ന് നൽകിയ കത്ത് .

ഉത്തരവ്

മലപ്പുറം ജില്ലയിലെ കൂറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ ഓണാഘോഷ പൊതു പരിപാടി നടത്തുന്നതിനുള്ള ചെലവുകൾ ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി തേടി കൂറ്റിപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശ കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ടായിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓണാഘോഷ പരിപാടികൾക്ക് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ഭരണ സമിതി തീരുമാനത്തിന് വിധേയമായി പരമാവധി 3,00,000/-(മൂന്ന് ലക്ഷം രൂപ) വിനിയോഗിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ചെലവുകൾ ഓഡിറ്റിംഗിന് വിധേയമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ ,തദ്ദേശ സ്വയംഭരണ വകുപ്പ്

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം

ലോക്കൽ ഫണ്ട് ആഡിറ്റ്, ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, ഐ & പി ആർ ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by Assim M S
Date: 21-08-2026 17:00:11

സെക്ഷൻ ഓഫീസർ